**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.169 — 26-02-2018 ൽ മറുപടിയ്ക്ക്

**ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡോ.എൻ.ജയരാജ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഫയർ സ്റ്റേഷനുകൾ തമ്മിൽ നിർദിഷ്ട ദൂരം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; | എ) നിലവിൽ വ്യവസ്ഥയില്ല. |
| ബി) പുതിയ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇതിനായി സർക്കാരിന് ഉണ്ടായേക്കാവുന്ന അധിക ബാധ്യത എത്രയെന്ന് വിശദമാക്കാമോ; | ബി) പ്രദേശത്തെ ജനസാന്ദ്രത, റെസ്പോൺസ് ടൈം (ഗ്രാമ പ്രദേശങ്ങളിൽ 20 മിനിറ്റും, പട്ടണ പ്രദേശങ്ങളിൽ 5 മിനിറ്റും), പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കാൻ സാധ്യതയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം എന്നിവയാണ് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ. പുതിയ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി തസ്തിക സൃഷ്ടിക്കുന്നതിനും, വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുമായി ഏകദേശം 2.7 കോടി രൂപ ബാധ്യത ഉണ്ടാകും. |
| സി) പുതിയ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | സി) ആവശ്യമായ സ്ഥലത്ത് വകുപ്പ് രൂപകൽപ്പന ചെയ്ത രീതിയിലുള്ള കെട്ടിടം, ജീവനക്കാർക്ക് വിശ്രമ സൗകര്യം, വാഹനങ്ങൾക്ക് സുഗമമായി കടന്നു പോകുന്നതിനും, പാർക്ക് ചെയ്യുന്നതിനുമുള്ള സ്ഥലസൗകര്യം, ജലലഭ്യത മുതലായവയാണ് പുതിയ അഗ്നിരക്ഷാ നിലയം തുടങ്ങുന്നതിന് ആവശ്യമായ നിബന്ധനകൾ. |

**സെക്ഷൻ ഓഫീസർ**